# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 570 30.06.16 -ൽ മറുപടിക്ക്

### കായംകുളം മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

**ചോദ്യം**

ശ്രീമതി യു. പ്രതിഭാ ഹരി

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ 2014 - 2015, 2015 - 2016 കാലഘട്ടത്തിൽ, മേജർ/ മൈനർ ഇറിഗേഷൻ വകുപ്പ് വഴി ഭരണാനുമതി ലഭിച്ചിരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും, പദ്ധതികൾ, അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്നിവയും വിശദമാക്കാമോ?

**മറുപടി**

ശ്രീ. മാത്യു ടി തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ)

മേജർ വിഭാഗം

1) 2014 – 2015 -ൽ കായംകുളം നിയോജക മണ്ഡലത്തിൽ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ വാർഡ് നമ്പർ 16-10 എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് ആമകടമ്പ തോടിനു കുറുകെ ഒരു ആമ്പുലൻസ് ബ്രിഡ്ജിന്റെ നിർമ്മാണം - തുക 25.00 ലക്ഷം - പ്രവൃത്തി പൂർത്തീകരിച്ചു.

2014 – 2015-ൽ കായംകുളം മുനിസിപ്പാലിറ്റിയിൽ വാർഡ് 31-ൽ ചിറയിൽപ്പടി ഭാഗത്ത് മലയൻ കനാലിന്റെ ഇടതുകരയുടെ സംരക്ഷണപ്രവൃത്തികൾ- തുക 15.00 ലക്ഷം - പ്രവൃത്തി ടെൻഡർ നടപടികളിലാണ്.

മൈനർ വിഭാഗം

2014-15-ൽ ചെട്ടികുളങ്ങര പഞ്ചായത്തിലെ പുഞ്ചക്കാല തട്ടാവഴി തോട്ടിൽ റെയിൽവേ ലൈനിനു സമീപം സംരക്ഷണ പണികൾ- തുക 25.00 ലക്ഷം - 90% പണികൾ പൂർത്തീകരിച്ചു.

2014-15-ൽ മുതുകുളം പഞ്ചായത്തിൽ ചക്കകുളങ്ങര പാടശേഖര തോടിന്റെ സംരക്ഷണ പണികൾ- തുക 8.40 ലക്ഷം മൂന്ന് തവണ ടെണ്ടർ ചെയ്യെങ്കിലും പ്രതികരണമില്ല.

2015-16 വർഷത്തിൽ പ്രവൃത്തികൾക്കൊന്നും തന്നെ ഭരണാനുമതി നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ

JSK/